പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3530

12.05.2017-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| | ശ്രീ.യു.ആർ. പ്രദീപ് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ എത്ര പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്; | (എ) | *2016-17 മത്സ്യത്തൊഴിലാളി പട്ടിക പ്രകാരം*<br><br>മത്സ്യത്തൊഴിലാളി അംഗങ്ങൾ - 2,34,844<br>അനുബന്ധത്തൊഴിലാളി അംഗങ്ങൾ - - 77,597 |
| (ബി) | ഇവർക്ക് നൽകുന്ന പ്രതിമാസപെൻഷൻ തുക എത്ര രൂപയാണ്; പെൻഷൻ ലഭിക്കുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ; മറ്റ് എന്തെല്ലാം ആനുകൂല്യങ്ങളാണ് ക്ഷേമനിധി വഴി മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | നിലവിൽ 1000/- രൂപയാണ് പ്രതിമാസ പെൻഷൻ. 2017 ജൂൺ മാസം മുതൽ 1100 രൂപയായി പെൻഷൻ വർധിപ്പിച്ച് നൽകുന്നതാണ്.<br><br>***പെൻഷൻ ലഭിക്കുന്നതിനുള്ള നിബന്ധനകൾ***<br><br>**മത്സ്യത്തൊഴിലാളി:**<br>കേരളത്തിൽ കുറഞ്ഞത് 10 വർഷമെങ്കിലും മത്സ്യത്തൊഴിലാളിയായി ജോലി ചെയ്ത് ഉപജീവനം കഴിക്കുകയും, 60 വയസ്സ് പൂർത്തിയാക്കുകയും തൊഴിലിൽ നിന്ന് വിരമിക്കുകയും ചെയ്യുന്ന ക്ഷേമനിധി അംഗങ്ങൾ പെൻഷൻ ലഭിക്കുന്നതിന് അർഹരാണ്. അപേക്ഷിക്കുന്ന തീയതി തൊട്ട് 5 വർഷം മുമ്പെങ്കിലും മത്സ്യബോർഡിൽ വിഹിതം അടച്ചിരിക്കണം. പഞ്ചായത്തിൽ നിന്നും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഒഴികെ മറ്റു പെൻഷനുകൾ ലഭിക്കുന്നില്ല എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം. മേൽ പറഞ്ഞവയ്ക്കു പുറമെ 2016 ഒക്ടോബർ മുതൽ പെൻഷൻ ലഭിക്കുന്നതിന് ആധാർ നമ്പർ വെരിഫൈ ചെയ്ത് അംഗീകാരം ലഭിക്കണം എന്ന നിബന്ധനയും ബാധകമാണ്.<br><br>**അനുബന്ധത്തൊഴിലാളി:**<br>5 വർഷം തുടർച്ചയായി ക്ഷേമനിധി അംഗത്വം ഉണ്ടായിരിക്കേണ്ട താണ്. 60 വയസ്സ് പൂർത്തിയാക്കുകയും തൊഴിലിൽ നിന്ന് വിരമിക്കുകയും ചെയ്യുന്ന ക്ഷേമനിധി അംഗങ്ങൾ പെൻഷൻ ലഭിക്കുന്നതിന് അർഹരാണ്. അപേക്ഷകർ കേരളത്തിൽ സ്ഥിര താമസക്കാരും വാർഷിക കുടുംബ വരുമാനം ദാരിദ്ര്യരേഖ നിരക്കിനേക്കാൾ താഴ്ന്നതുമായിരിക്കണം. |

| | | | |
|---|---|---|---|
| | | | ക്ഷേമനിധി വിഹിതം പൂർണ്ണമായി അടച്ചിരിക്കണം. പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന സുരക്ഷാ പെൻഷനുകൾ ഒഴികെ മറ്റു പെൻഷൻ ലഭിക്കുന്നില്ല എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം. മേൽ പറഞ്ഞവയ്ക്ക് പുറമേ 2016 ഒക്ടോബർ മുതൽ പെൻഷൻ ലഭിക്കുന്നതിന് ആധാർ നമ്പർ വെരിഫൈ ചെയ്ത് അംഗീകാരം ലഭിക്കണം എന്ന നിബന്ധനയും ബാധകമാണ്.<br><br>**<u>വിധവ പെൻഷൻ:</u>**<br>മത്സ്യ ബോർഡിൽ വിഹിതമടച്ച് അംഗത്വമെടുത്ത ശേഷം വാർദ്ധക്യകാല പെൻഷൻ പദ്ധതി പ്രകാരമുള്ള പെൻഷൻ ഒരു ഗഡു പോലും വാങ്ങുന്നതിനു മുമ്പായി മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്ക് ഈ പെൻഷൻ നൽകി വരുന്നു.<br><br>മരണം നടന്ന് 90 ദിവസത്തിനുള്ളിൽ ഫിഷറീസ് ഓഫീസർക്ക് അപേക്ഷ നൽകണം. മേൽ പറഞ്ഞവയ്ക്ക് പുറമെ 2016 ഒക്ടോബർ മുതൽ ആധാർ നമ്പർ വെരിഫൈ ചെയ്ത് അംഗീകാരം ലഭിക്കണം എന്ന നിബന്ധനയും ബാധകമാണ്.<br>നിലവിൽ മത്സ്യ ബോർഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

അനുബന്ധം

## നിലവിൽ മത്സ്യ ബോർഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതികൾ | ധനസഹായ തുക |
|---|---|---|
| 1 | **ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി**<br>1) അപകട/മരണം/കാണാതാകൽ/സ്ഥിരവും പൂർണ്ണവുമായ അവശത<br>2) അപകടംമൂലം സ്ഥിരവും ഭാഗീകവുമായ അവശത<br>3) കുട്ടികളുടെ പഠന ചെലവ് ( 2 പേർക്ക് പരമാവധി)<br>4) ശവസംസ്കാര ചെലവ്<br>5) അപകടത്തെത്തുടർന്ന് 24 മണിക്കൂർ ആശുപത്രി ചികിത്സയ്ക്ക് (പരമാവധി) | 5,00,000/-<br>2,50,000/-<br>10,000/-<br>2000/-<br>25,000/- |
| 2 | മത്സ്യബന്ധന സമയത്തോ, തൊട്ടുപിന്നാലെയോ അപകടം കൊണ്ട ല്ലാതെയുള്ള മരണം<br>(ബോർഡിൽ നിന്നു ലഭിക്കുന്ന ധനസഹായം) | 50,000/- |
| 3 | മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 10,000/- |
| 4 | വാർദ്ധക്യകാല പെൻഷൻ (പ്രതിമാസം) | 1000/- |
| 5 | മത്സ്യത്തൊഴിലാളിയുടെ മരണം ആശ്രിതർക്കുള്ള ധനസഹായം (ബോർഡിൽ നിന്നും ലഭിക്കുന്ന ധനസഹായം) | 15,000/- |
| 6 | **ആംആദ്മി ബീമ യോജന പദ്ധതി**<br>1) അപകടം മൂലം സംഭവിക്കുന്ന മരണം<br>2) അപകടം മൂലം സ്ഥിരവും പൂർണ്ണവുമായ അവശത<br>3) അപകടം മൂലം സ്ഥിരവും ഭാഗീകവുമായ അവശത<br>4) സ്വാഭാവിക മരണം<br>5) 9,10,11,12 എന്നീ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് | 75,000/-<br>75,000/-<br>37,500/-<br>30,000/-<br>1200/-രൂപ (പ്രതിമാസം |
| 7 | ആശ്രിതരുടെ മരണത്തോടനുബന്ധിച്ചുള്ള ചിലവ് | 600/- |
| 8 | **എസ്.എസ്.എൽ.സി ക്യാഷ് അവാർഡ്**<br>10 എ+ ലഭിക്കുന്നവർക്ക്<br>9 എ+ ലഭിക്കുന്നവർക്ക്<br>8 എ+ ലഭിക്കുന്നവർക്ക്<br>റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്ക്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡ് ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഓരോ സ്കൂളിലേയും) | 5,000/-<br>4,000/-<br>3,000/-<br>3,000/- |
| 9 | കുടുംബ സംവിധാന പദ്ധതി | 500/- |
| 10 | മാരകരോഗ ചികിൽസാ പദ്ധതി (പരമാവധി) | 50,000/- |
| 11 | ചെയർമാൻസ് റിലീഫ് ഫണ്ട് | 5000/- |
| 12 | ബോർഡിന്റെ പ്രത്യേക ധനസഹായം | ബോർഡ് നിശ്ചയിക്കുന്ന തുക |
| 13 | പ്രസവ സുശ്രൂഷാ ധനസഹായം | 750/- |
| 14 | **ഉന്നത വിദ്യാഭ്യാസ പ്രോൽസാഹനം**<br>+2 പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ലഭിക്കുന്നവർക്ക്<br>വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ലഭിക്കുന്നവർക്ക് | 5000/-<br>5000/- |
| 15 | മരണപ്പെട്ട മത്സ്യത്തൊഴിലാളിയുടെ ഭാര്യയ്ക്ക് പെൻഷൻ(വിധവാ പെൻഷൻ) | 1000/- |

| | | |
|---|---|---|
| 16 | **കായിക വിനോദ മത്സരത്തിൽ പ്രശസ്ത വിജയം നേടുന്നവർക്ക് പാരിതോഷികം**<br>എ. ദേശീയ തലത്തിൽ<br>ഒന്നാം സ്ഥാനം നേടുന്നവർക്ക്<br>രണ്ടാം സ്ഥാനം നേടുന്നവർക്ക്<br>മൂന്നാം സ്ഥാനം നേടുന്നവർക്ക്<br><br>ദേശീയ മത്സരങ്ങളിൽ സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന വർക്ക് (ഗ്രൂപ്പ് അടിസ്ഥാനത്തിൽ)<br>ഒന്നാം സ്ഥാനം നേടുന്നവർക്ക്<br>രണ്ടാം സ്ഥാനം നേടുന്നവർക്ക്<br>മൂന്നാം സ്ഥാനം നേടുന്നവർക്ക്<br><br>ബി.സംസ്ഥാന തലത്തിൽ<br>ഒന്നാം സ്ഥാനം നേടുന്നവർക്ക്<br>രണ്ടാം സ്ഥാനം നേടുന്നവർക്ക്<br>മൂന്നാം സ്ഥാനം നേടുന്നവർക്ക്<br><br>ഗ്രൂപ്പ് അടിസ്ഥാനത്തിൽ<br>ഒന്നാം സ്ഥാനം നേടുന്നവർക്ക്<br>രണ്ടാം സ്ഥാനം നേടുന്നവർക്ക്<br>മൂന്നാം സ്ഥാനം നേടുന്നവർക്ക് | <br><br><br>10,000/-<br>8,000/-<br>5,000/-<br><br><br>8,000/-<br>5,000/-<br>3,000/-<br><br><br>5,000/-<br>3,000/-<br>2,000/-<br><br>3,000/-<br>2,000/-<br>1,000/- |
| 17 | തണൽ മത്സ്യത്തൊഴിലാളി ആശ്വാസ പദ്ധതി | 1350/- |
| 18 | അപകടം മൂലമുള്ള താൽക്കാലിക അവശത | 500/- |

**മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പിലാക്കുന്ന അനുബന്ധ ത്തൊ ഴിലാളി ക്ഷേമ പദ്ധതികൾ:**

| | | |
|---|---|---|
| 1 | **ഗ്രൂപ്പ് ഇൻഷുറൻസ്**<br>1. അപകടം മൂലം സ്ഥിരവും പൂർണ്ണവുമായ അവശത<br>2. അപകടം മൂലം സ്ഥിരവും ഭാഗികവുമായ അവശത<br>3. കുട്ടികളുടെ പഠന ചെലവ് (2 പേർക്ക് പരമാവധി)<br>4. ശവസംസ്ക്കാര ചെലവ്<br>5. അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിത്സയ്ക്ക് ധനസഹായം (പരമാവധി) | <br>500000/-<br>250000/-<br>10000/-<br>2000/-<br>25000/- |
| 2 | വാർദ്ധക്യകാല പെൻഷൻ (പ്രതിമാസം) | 1000/- |
| 3 | അനുബന്ധത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായം | 15000/- |
| 4 | പ്രസവ സുശ്രൂഷാ ധനസഹായം | 750/- |
| 5 | **എസ്.എസ്.എൽ.സി ക്യാഷ് അവാർഡ്**<br>10 എ+ ലഭിക്കുന്നവർക്ക്<br>9 എ+ ലഭിക്കുന്നവർക്ക്<br>8 എ+ ലഭിക്കുന്നവർക്ക്<br>റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്ക്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡ് ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഓരോ സ്കൂളിലേയും) | <br>5,000/-<br>4,000/-<br>3,000/-<br><br>3,000/- |
| 6 | മാരക ചികിത്സാ പദ്ധതി (പരമാവധി) | 25000/- |
| 7 | മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 10000/- |
| 8 | കുടുംബ സംവിധാന പദ്ധതി | 500/- |
| 9 | ബോർഡിന്റെ പ്രത്യേക ധനസഹായം | |

| | | |
|---|---|---|
| 10 | **ഉന്നത വിദ്യാഭ്യാസ പ്രോത്സാഹനം**<br>1. +2 പരീക്ഷയിൽ എല്ലാ വിഷയങ്ങളിലും എ+ ലഭിക്കുന്നവർക്ക്<br>2. വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ എല്ലാ വിഷയത്തിനും എ+ നേടുന്നവർക്ക് | <br>5000/-<br>5000/- |
| 11 | തണൽ മത്സ്യത്തൊഴിലാളി ആശ്വാസ പദ്ധതി (പ്രതിവർഷം) ഗവൺമെന്റ് അനുവദിക്കുന്ന മുറയ്ക്ക് | 1350 |

(ഒപ്പ്)
സെക്ഷൻ ഓഫീസർ